# 9

# എട്ടാംക്ലാസ്സുകാരൻ സഭകളെ മാനസാന്തരപ്പെടുത്തുന്നു

## (മംഗോളിയ - ബ്യുംചിൻ)

മാതാപിതാക്കൾ മംഗോളിയയിലെ പർവ്വതനിരകളിലേക്ക് താമസം മാറ്റിയപ്പോൾ എട്ടാംക്ലാസ്സുകാരനായ ബ്യുംചിനു പള്ളിയിൽ പോകണമെന്ന ആഗ്രഹം വർദ്ധിച്ചു.

എന്നാൽ തന്റെ പുതിയ താമസസ്ഥലത്ത് അഡ്വന്റിസ്റ്റു സഭ ഉണ്ടായിരുന്നില്ല. തന്റെ രക്ഷിതാക്കളെപ്പോലെ അവിടുത്തെ 10,000 വരുന്ന ജനങ്ങൾ ബുദ്ധമതസ്ഥരായിരുന്നു. തന്റെ പുതിയ കണക്ക് അദ്ധ്യാപികയുടെ ഭവനത്തിൽ കൂടുന്ന ഒരു ഞായറാഴ്ച പള്ളി അവൻ കണ്ടുപിടിച്ചു.

ബ്യുംചിൻ കണക്കിന് അത്ര നല്ല വിദ്യാർത്ഥി ആയിരുന്നില്ല. അതുകൊണ്ട് തന്നെ കണക്ക് അദ്ധ്യാപികയുടെ വീട്ടിൽ പോകുന്നത് തനിക്കു ഭയമായിരുന്നു.

മംഗോളിയയിലെ അധികമാരും അഡ്വന്റിസ്റ്റ് ചർച്ചിനെക്കുറിച്ച് കേട്ടിട്ടില്ല. എന്നാൽ ബ്യുംചിനു ആ സഭയെക്കുറിച്ച് നന്നേ അറിയാമായിരുന്നു. തന്റെ പഴയ പട്ടണത്തിൽ അഡ്വന്റിസ്റ്റ് സഭയിൽ തന്റെ ബന്ധുവിന്റെ കൂടെ പോയി ആരാധിച്ചിട്ടുണ്ട്. അതിനുശേഷം അവിടുത്തെ പാസ്റ്റർ ബ്യുംചിനെ മെഗോളിയയിലെ ഒരു അഡ്വന്റിസ്റ്റ് ക്യാമ്പിനു പങ്കെടുപ്പിച്ചു. ആ മീറ്റിങ്ങിൽ മംഗോളിയയിൽ പ്രവർത്തിക്കുന്നതിന് മിഷണറിമാരെ ആവശ്യമുണ്ടെന്ന് അറിയിച്ചിരുന്നു. എന്നാൽ തന്റെ പുതിയ താമസസ്ഥലത്ത് തനിക്ക് എങ്ങനെ മിഷണറി ആകാൻ സാധിക്കും എന്ന് ശങ്കിച്ചു.

എന്തു ചെയ്യണമെന്ന് അറിയാതെ താൻ എല്ലാദിവസവും പർവ്വതനിരകൾ കയറി ഇറങ്ങാൻ തുടങ്ങി. മലമുകളിൽ ബ്യുംചിൻ പാട്ടുപാടുകയും ദൈവത്തോട് തന്നെ നയിക്കുന്നതിനായി പ്രാർത്ഥിക്കുകയും ചെയ്തു.

ഒരു ദിവസം അങ്ങനെ പ്രാർത്ഥന കഴിഞ്ഞ് താൻ പർവ്വതനിര ഇറങ്ങി നേരെ ഞായറാഴ്ച പള്ളിയിലേക്ക് പോയി. 20 പേരുള്ള ആ കൂട്ടത്തിൽ കുട്ടിയായി താൻ മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ മുതിർന്നവരുടെ സംസാരം ശ്രദ്ധിച്ചു തന്റെ ചിന്തകൾ മാറി. പള്ളി പൂട്ടുന്നതിനെ കുറിച്ച് അവർ സംസാരിക്കുകയായിരുന്നു.

“ഇത് നമ്മുടെ പള്ളിയുടെ അവസാനത്തെ മീറ്റിങ്ങ് ആണ്” ഒരാൾ പറഞ്ഞു.

“ഇത്രയും കുറച്ച് ആളുകളെ വച്ച് എങ്ങനെ മുമ്പോട്ട് പോകാനാകും” വേറൊരാൾ പറഞ്ഞു.

അനേകർ പള്ളിയിൽ വരാതെ, പൂട്ടുന്ന അവസ്ഥയിലേക്ക് എത്തിയിരിക്കുന്നു കാര്യങ്ങൾ.

ബുംചിൻ എഴുന്നേറ്റു നിന്നു 1 കൊരിന്ത്യർ 15:58 വായിച്ചു. "ആകയാൽ എന്റെ പ്രിയ സഹോദരന്മാരെ നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്ന് അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവിൻ." ക്രിസ്ത്യാനികൾ എപ്രകാരം അചഞ്ചലരാകരുത് എന്ന് ഒരു ക്ലാസ്സും എടുത്തു. മുതിർന്നവർ ശ്രദ്ധയോടെ കേട്ടിരുന്നിട്ട് ഒടുവിൽ "ഈ പള്ളി പൂട്ടുകയില്ല" എന്ന തീരുമാനം അവൾ ഒന്നടങ്കം പറഞ്ഞു.

ചില ദിവസങ്ങൾക്കുശേഷം കുറച്ച് സഭാവിശ്വാസികൾ ബിംചിന്നിന്റെ കൂടെ മലകയറി പ്രാർത്ഥിക്കുന്നതിനു സഹകരിച്ചു.

ബുംചിൻ തന്റെ പഴയ അഡ്വന്റിസ്റ്റ് സഭയിലെ പാസ്റ്ററെ ഈ ഞായറാഴ്ച പള്ളിയിൽ പ്രസംഗിക്കുന്നതിനു ക്ഷണിച്ചു. അങ്ങനെ അടുത്ത ആറു മാസം മാസത്തിൽ ഒരിക്കൽ പാസ്റ്റർ വന്ന് ഇവിടെ ബൈബിൾ പഠനം നല്കി.

"ഞാൻ അവരെ ആരെയും അഡ്വന്റിസ്റ്റാക്കാൻ ശ്രമിച്ചില്ല. പക്ഷേ ഞാൻ അവരോടൊപ്പം ആരാധിച്ചു. വിശ്വാസികളുടെ എണ്ണം 27 ആയി വർദ്ധിച്ചു. ബിംചിന്നിന്റെ സഹപാഠികളും ആരാധനയിൽ പങ്കു ചേർന്നു.

വർഷാവസാനം 27 പേരും അഡ്വന്റിസ്റ്റ് പാസ്റ്ററുടെ പള്ളിയിൽ ഒരു ക്രിസ്തുമസ് പരിപാടിയിൽ പങ്കെടുക്കുന്നതിനു പോയി. അവർ പോയി വന്നതിനുശേഷം സഭാജനങ്ങൾ ഏവരും ഒത്തുചേർന്ന് ഈ പള്ളിയെ അഡ്വന്റിസ്റ്റ് പള്ളി ആക്കിമാറ്റാൻ വോട്ട് ചെയ്തു. ഒരു സഭ മുഴുവനായി അഡ്വന്റിസ്റ്റുകാരാകുന്നത് മംഗോളിയയുടെ 27 വർഷത്തെ അഡ്വന്റിസ്റ്റ് ചരിത്രത്തിൽ ആദ്യമായിട്ടാണ്.

ബുംചിൻ അവിടെനിന്നും മാറുമ്പോൾ സഭയുടെ അംഗസഖ്യ 40 ആയിരുന്നു. 27 വയസ്സുള്ള ബിംചിൻ സഭ സ്ഥാപിക്കുന്നത് അവസാനിപ്പിച്ചിട്ടില്ല. ഇപ്പോൾ മംഗോളിയയിലുള്ള ഏക പാത്ത് ഫൈൻഡർ ക്ലബുള്ള പള്ളിയിൽ താനും ഭാര്യയും സ്ഥാപക പ്രവർത്തനങ്ങൾ നടത്തുന്നു. കുത്തുൽ ഉള്ള അഡ്വന്റിസ്റ്റുപള്ളിയിൽ 60 അംഗങ്ങൾ ഉണ്ട്.

ബുംചിന്നിന്റെ കണക്ക് അദ്ധ്യാപിക ഇപ്പോൾ ഉലാൻബാറ്ററിലുള്ള ഏക സെവന്ത്ഡേ അഡ്വന്റിസ്റ്റ് സ്കൂളിലെ അദ്ധ്യാപികയാണ്. പതിമൂന്നാം വാര കാണിക്കയുടെ ഒരു ഭാഗം ഈ സ്കൂളിൽ ലഭിക്കും.

◈ ◈ ◈